**12. It can be for the manifestation of the works of God,** as we notice in Jesus giving the answer when the disciples asked Him the "why" question. Jesus used this man's (the man born blind) suffering to teach about faith and to glorify God. True, innocent people sometimes suffer. Regardless of the reasons for our suffering, Jesus has the power to help us deal with it. We can therefore, pray for giving us the strengththrough the trial and a deeper perspective on what God does in our lives. The Lord helps us to realize that 'what happens through us is more important than what happens to us'. We are to experience what God does through us in enabling us to triumph over adversities and afflictions (John 9:3;16:33; Philippians 4:13).

**Suffering is also a training ground for Christian ministry. It develops our patience and makes our final victory sweet.** We should continue our race (Hebrews 12:1-3). We know the father in a family corrects, train and even punishes his child to help him learn what is right; it is a sign of father's love toward his child, although such disciplining is not always pleasant. We can gratefully accept what God our heavenly father does in our lives. God is also like a demanding coach who pushes to our limits and requires of us a disciplined life. We can draw upon the strength of Christ by following Him, and use our growing strength to a certain extent to help those around us who are weak and arestruggling.We can seek the strengthening of the Holy Spirit in our life to be an example for others to make it easier to believe, follow and become mature in Christ. ●

# Children's corner

## "God's works are wonderful!"



**"Let the little children come to me and do not hinder them"**

In Psalms 139:14, we read: *"I will praise you for I am fearfully and wonderfully made, your works are wonderful and I know that fully well".* We believe this but when we look at the mirror we tend to doubt this verse and wonder: it would have been wonderful if I had blue eyes! It would have been wonderful if I was taller. This is contrary to the above verse. The Bible tells us in Proverbs 16:4, the LORD has made everything for its purpose. But do you believe that everything has a purpose?

The short story below will help explain the verses. A lady had to walk down every day to collect water from the stream. She used two pots hanging at the ends of a pole and was carried on her shoulders. One of the pots had a crack in it but she still chose to use while the other pot was perfect with no cracks. Every day the woman would go to the stream and fill the pots up to the brim and walk back up the hill. By the time she reached the house the cracked pot will only be half full whereas the good pot had all the water inside. For many years this went on daily, with the woman bringing home only one and a half pots of water. Of course, the perfect pot was proud of its accomplishments. But the poor



**Juby Anoop, UK**

cracked pot was ashamed of its own imperfection, and felt miserable that it could only do half of what it had been made to do.After two years the cracked pot thought of spoking to the woman one day by the stream. "I am ashamed of myself, because this crack in my side causes water to leak out all the way back to your house". The lady replied: "When we return home I want you to look carefully at the path we walk". As they walked the cracked pot noticed a row of flowers on its side of the road whereas the other side was all dry!

Once they reached home the lady smiled and said, 'Did you notice that there are flowers on your side of the path, but not on the other pot's side?' 'That's because I have always known about your flaw, so I planted flower seeds on your side of the path, and every day while we walk back, you were watering them.'For two years I have been able to pick beautiful flowers to decorate the table. Without you being just the way you were, there would not be this beautiful flower arrangement to grace the house. Dear friends, we can see that the defect of the pot served a purpose and it was wonderful with its flaws

In the example of Paul, we see God's purpose as Paul was born as a Roman citizen. This helped him to gain access to places where common people could not enter, making him the only apostle to preach to kings and people of royalty. On the other hand it is also said that apostle Paul was of a very short stature which helped him to feel less uncomfortable in dingy prison cells.

Your place of birth and your family has been purposefully assigned by God. In the Bible, we read that Moses was born beautiful for a purpose (Acts 7:20, Hebrews 11:23). He was born as a beautiful baby to catch the attention of the Princess of Egypt. God placed Moses in the hands of a clever mother, Jochebed who knew the art of making a waterproof papyrus basket. God chose her as Moses's mother with the purpose of saving him to become the deliverer of Israel from Egypt.

Dear friends, it is true that we do not get to choose our genetics, our appearance or our parents. But it is the way God wired you. The "flaws" that you think are "flaws", make you unique in God's eyes.

**"I will praise You, for I am fearfully and wonderfully made;
Marvelous are Your works, And that my soul knows very well" (Psalms 139:14)
"The Lord has made all for Himself" (Proverbs 16:4)
"And when she saw that he was a beautiful child, she hid him three months. But when she could no longer hide him, she took an ark of bulrushes for him, daubed it with asphalt and pitch, put the child in it, and laid it in the reeds by the river 's bank" (Exodus 2:2,3)**






&

**JKS**




## THE ASBURY REVIVAL 2023

“The Holy Spirit was tangible in the room. Chains were broken, confession happened and God was praised as holy, holy, holy”. This is how one student described the Asbury revival, which began on Wednesday, February 8, 2023 at Asbury University in Kentucky. USA and continued for about 2 weeks. The University has been known through the years for a number of great revivals. A revival that began in February 1970 lasted for 144 hours of unbroken worship



services. Some two thousand witness teams went out from the school to churches and 130 college campuses around the nation. Another revivial which began in March 1992 turned into 127 consecutive hours of prayer and praise. Another one in February 2006 led to four days of continuous worship, prayer, and praise.

Now the Holy Spirit seems to be moving in an extraordinary way again at Asbury. When an altar call was given in a regular Wednesday prayer meeting in the chapel on February 8, at least one hundred people fell to their knees and responded. Since then, the campus has experienced an outpouring of the Holy Spirit that is still continuing. People have been giving testimonies, reading Scripture, worshiping God, and praying. Students, professors, and local church leaders have been participating. Students from multiple colleges have been drawn to the Asbury campus as well. As the small town could not handle such a large influx of visitors from outside and as the students had to go back to classes, the public meetings had to be moved out of the campus.

There is a deep sense of God’s loving presence as He draws people to Himself. A student. Elena Overman, said, “Throughout the past days, the Lord has revealed Himself and His unfailing love and faithfulness to everyone who has stepped through the doors of the auditorium. He is radically transforming lives. The Holy Spirit is at work in this place and all around the world through our prayers and He is not stopping anytime soon. All glory to God".

*C.S. Lewis wrote: “God loved us not because we were lovable, but because He is love”. If we will respond to His love by loving Him, we will be a catalyst for the revival our culture needs so desperately. So let us pray: "LET THE REVIVAL BEGIN IN ME!"*

## Devastating Earthquake in Turkey and Syria!

An earthquake with a 7.8 magnitude occurred in Turkey and northwestern Syria. The U.S. Geological Survey said the quake was the world’s biggest earthquake since 2021. The quake killed



nearly 45,000 people in both countries — the vast majority of them in Turkey, where more than a million and a half people are in temporary shelters. Turkish President Erdogan said his government would begin constructing close to 200,000 new homes in the quake-devastated region immediately. He said the new buildings will be no taller than three or four stories, built on firmer ground and to higher standards and in consultation with geophysics, geotechnical, geology and seismology professors and other experts. Aid workers from many nations were helping in the restoration of the devastated countries.

*As we hear such news of calamities around the world, when the very ground on which we stand shakes and moves away, we shoud be thankful for the Rock of our salvation which is firm and unmoveable. We should also be looking for the imminent return of our Lord to which all these events are unmistakenly pointing.*

# मूल्यवान अनुग्रह (भाग-२)



पास्टर अमित गुरनानी, मुंबई.

हमने पिछले लेख में यह पढ़ा अर्थात देखा था कि हम अपने मूल्यवान अनुग्रह को न गंवाएं जिसे हमने अपने स्वर्गीय पिता से निशुल्क प्राप्त किया है। एसाव ने एक भोजन के निवाले के लिए अपना श्रेष्ठ पहिलौठे का अधिकार बेच दिया जिसमें याजकीय सेवा शामिल थी। इस बार हम देखेंगे कि उसने यह अधिकार बेचने के कारण क्या-क्या खो दिया।

**२. एसाव ने प्रतिज्ञा की आशीष खो दी। (इब्रा.१२:१७ अ)**

एसाव के अपने पहिलौठे का अधिकार तुच्छ जानने (उत्पत्ति. २५:२७-३३) और आशीष को खो देने (उत्पत्ति. २७:१-४०), इन दोनों घटनाओं के बीच समय का काफी अंतर है। एसाव के कहने अनुसार याकूब ने उसे दो बार अड़ंगा मारा अथवा उसे धोखा दिया (उत्पत्ति.२७:३६)। एसाव के लिए भले ही पहिलौठे का अधिकार और आशीष अलग-अलग हों परंतु इब्रानियों का लेखक पहिलौठे का अधिकार और आशीष को एकजुट बताता है (इब्रा. १२:१६,१७)। उसने पहिलौठे का अधिकार तुच्छ जानने और बेच देने के साथ उससे जुड़ी हुई आशीष को भी गंवा दिया। उसने जब अप्रत्यक्ष रूप से परमेश्वर और उससे प्राप्त हुई याजकीय सेवा अर्थात परमेश्वर भक्ति संबंधित बातों को तुच्छ जाना तो उसने आशीष पाने का अधिकार भी खो दिया। आज कलीसिया भी संसार से सम्मिलित होते समय परमेश्वर, परमेश्वर की आराधना, प्रार्थना और अन्य आध्यात्मिक बातों को द्वितीय स्थान देते हैं और अपेक्षा करते हैं कि परमेश्वर हमें फिर भी अद्भुत आशीष दे। कलीसिया को यह समझना है कि हमारी आशीष परमेश्वर और परमेश्वर भक्ति संबंधित बातों से जुड़ी हैं। यदि आप परमेश्वर और उससे संबंधित आध्यात्मिक बातों को कीमत नहीं देते तो परमेश्वर की कीमती आशीष के विषय में भी अपेक्षा ना करें।

**१. योग्यता पर नहीं बल्कि अनुग्रह पर आधारित आशीष**

जब हम एसाव और याकूब की जीवन शैली पढ़ते हैं तो हम यह जान जाते हैं कि परमेश्वर की आशीष उसके अनुग्रह पर निर्भर करती है, ना की हमारी मेहनत, परिश्रम या कठिनाई पर। इसहाक एसाव को आशीष देना चाहता था वह भी उसके शिकार किए अहेर का मांस खाने के बाद। एसाव ने शिकार किया, पिता के स्वाद अनुसार स्वादिष्ट भोजन तैयार किया और अपने पिता को दिया, फिर भी उसे आशीष नहीं मिली (उत्पत्ति. २७:३-५,३०,३१)। वहां ही जबकि याकूब ने कुछ परिश्रम नहीं किया बल्कि अपनी मां द्वारा तैयार किया हुआ उसके पिता के स्वाद अनुसार स्वादिष्ट भोजन, अपने पिता को दिया और उसे आशीष प्राप्त हुई।

**ब. परमेश्वर की हक़ में आशीष**

क्योंकि यह आशीष इसहाक की नहीं बल्कि परमेश्वर की थी। इसलिए यह आशीष किसे मिलनी चाहिए परमेश्वर के हक़ में है। परमेश्वर ने अब्राहम की संतान में से इश्माएल को नहीं बल्कि इसहाक को आशीष का वारिस ठहराया (उत्पत्ति.१७:१८,१९)। वैसे ही अब तक न तो बालक जन्मे थे और न उन्होंने कुछ भला या बुरा किया था, परमेश्वर ने याकूब को आशीष का वारिस ठहराया (उत्पत्ति.२५: २३)। ताकि परमेश्वर की मनसा जो उसके चुन लेने के अनुसार है, कर्मों के कारण नहीं परंतु बुलाने वाले के कारण है, बनी रहे। (रो.९:७-१३)।

**३. एसाव ने मन फिराव का अवसर खो दिया। (इब्रा.१२:१७ ब)**

यदि हम कई बातों को सही समय पर नहीं करते तो हमें उन महत्वपूर्ण बातों का नुकसान उठाना पड़ता है। इसने भी अपने पिता से गिड़गिड़ाकर कर वह आशीष पानी चाही जिसे याकूब पहले ही से लेकर चला गया था। उसने काफी आंसू बहाए, फूट-फूटकर रोया और बिनती भी की तौभी परमेश्वर ने उसे अयोग्य माना (उत्पत्ति.२७:३४,३६,३८)।

इसलिए कलीसिया को आज चाहिए कि अवसर को बहुमूल्य समझें, बुद्धिमानी से चलें और व्यवहार करें, ध्यान से जानें की परमेश्वर की इच्छा क्या है, पवित्र आत्मा से परिपूर्ण होते जाएं और स्तुति भजन करते हुए सदा सब बातों के लिए परमेश्वर पिता का यीशु मसीह के जरिए धन्यवाद करते रहें (इफि. ५:१५-२०) ताकि हम पर हुए अनुग्रह को खो न दें और ना ही उस अवसर को गंवाएं जिसे हमने परमेश्वर से प्राप्त किया है। ●

(To be continued...)

# അന്ത്യകാല സംഭവങ്ങൾ



## ഒരു പഠന പരമ്പര

**ഭാഗം 2**

റവ. ഡോ. കെ. സി. ചാക്കോ

**മരണവും ഉയർത്തെഴുന്നേൽപ്പ് എന്ന പ്രത്യാശയും**

ഇന്ന് മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് മരണം. ജനിച്ച എല്ലാവരും ഒരിക്കൽ മരിക്കണം. ഇന്ന് ലോകത്ത് ഓരോ സെക്കൻഡിലും ഏകദേശം രണ്ടു വ്യക്തികൾ എന്ന നിലയിൽ മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുന്നു. മരണത്തിന് ഒരു ഉത്തരം ഇതുവരെ കണ്ടെത്താൻ മനുഷ്യരാശിക്കു കഴിഞ്ഞിട്ടില്ല. മനുഷ്യൻ മരിച്ചാൽ അവൻ പിന്നെ എവിടെ എന്ന ചോദ്യം മനുഷ്യ വർഗ്ഗത്തിന് എല്ലാ കാലത്തെയും ഒരു പ്രശ്നമായിരിക്കുന്നു. മനുഷ്യന്റെ മരണംകൊണ്ട് അവന്റെ ജീവിതം അവസാനിക്കുകയാണോ? അതോ എവിടെയെങ്കിലും അവൻ ജീവിച്ചിരിക്കുന്നുവോ? തുടങ്ങിയ ചോദ്യങ്ങൾ മരണം കാണുന്ന ഏവരെയും അലട്ടുന്ന ഒരു സത്യമാണ്.

വേദപുസ്തകം മരണത്തിന്റെ ആരംഭത്തെപറ്റിയും മരണാനന്തരം ഒരുവന്റെ ആത്മാവ് അഥവാ ദേഹി എങ്ങോട്ടാണ് പോകുന്നത് എന്നതിനെ സംബന്ധിച്ചും വ്യക്തമാക്കിയിരിക്കുന്നു. ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചെന്നും, സൃഷ്ടിച്ചതിനുശേഷം അവരെ അനുഗ്രഹിച്ചു ഏദൻ തോട്ടത്തിൽ കാവൽ ചെയ്യുവാനും കൃഷി ചെയ്യുവാനും ആക്കി എന്നും വിശുദ്ധ ബൈബിൾ പറഞ്ഞിരിക്കുന്നു (ഉൽപ. 2:8, 21:5). ഏദൻ തോട്ടത്തിൽ ആയിരുന്ന മനുഷ്യനെ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞു ജീവിക്കുവാൻ അവരെ പ്രത്യേകമായി അനുഗ്രഹിച്ചിരുന്നു. പൊടിയിൽ നിന്നുമാണ് മനുഷ്യനെ സൃഷ്ടിച്ചത് എങ്കിലും മരണം കൂടാതെ അവർക്ക് എന്നേക്കും ജീവിക്കുവാൻ ഉള്ള സാധ്യതകളും അതിൽ ഉണ്ടായിരുന്നു എന്ന് സാന്ദർഭികമായി മനസിലാക്കാം.

നന്മ തിന്മകളെക്കുറിച്ച് അറിവ് തരുന്ന വൃക്ഷത്തിന്റെ ഫലം ഒഴികെ തോട്ടത്തിൽ ഉണ്ടായിരുന്ന എല്ലാ ഫലങ്ങളും ഭക്ഷിക്കുവാൻ ഉള്ള അനുവാദം അവർക്കുണ്ടായിരുന്നു. ആ വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ അവർ മരിക്കും എന്ന മുന്നറിയിപ്പും ദൈവം നൽകിയിരുന്നു (ഉൽപ. 2:15-17). എന്നാൽ ദൈവകല്പന അവഗണിച്ചു പിശാചിന്റെ പ്രലോഭനത്തിൽ അകപ്പെട്ടു ഹവ്വ ആദ്യം ആ വൃക്ഷഫലം ഭക്ഷിക്കുകയും തന്റെ ഭർത്താവിനു നൽകി തന്നോടൊപ്പം അനുസരണക്കേടിൽ വീഴുവാൻ ഇടവരുത്തുകയും ചെയ്തു. അന്നുതന്നെ ദൈവിക ബന്ധത്തിൽ നിന്നും അവർ വേർപെടുകയും ആത്മീയ മരണം സംഭവിക്കുകയും ചെയ്തു (ഉൽപ. 3:1-11).

മനുഷ്യ ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്ന ശാരീരിക മരണത്തിനു മുമ്പ് തന്നെ ആത്മാവ് ദൈവത്തിൽ നിന്ന് അകലുന്ന ആത്മീയ മരണമാണ് സംഭവിച്ചത് എന്ന് തിരുവചനം പഠിപ്പിക്കുന്നു. ഇന്ന് എല്ലാ മനുഷ്യരും അനുഭവിക്കുന്നതും മരണം എന്നു പറയുന്നതുമായ ശരീരത്തിന്റെ നിശ്ചലാവസ്ഥ കാണുവാൻ പിന്നെയും അനേക വർഷങ്ങൾ കൂടി അവർക്ക് കാത്തിരിക്കേണ്ടി വന്നു. ആദാമിന്റെ മൂത്തമകനായ കയീൻ തന്റെ അനുജനായ ഹാബേലിനെ കൊന്ന ദിവസം മാത്രമാണ് മരണത്തിന്റെ ക്രൂരത അവർക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞത് (ഉൽപ. 4:7-14). അങ്ങനെ പാപം മൂലം മനുഷ്യന് ആത്മീയ മരണവും ശാരീരിക മരണവും സംഭവിച്ചു (ഉൽപ. 2:17; 4:8, റോമർ 5:12, 6:23, എഫേ. 2:1-5). പാപത്തിന്റെ ഫലമായി ആത്മീയ മരണവും ശാരീരിക മരണവും പ്രാപിച്ച് ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുന്നതോടുകൂടി മനുഷ്യ ജീവിതം തീരുന്നില്ല എന്നും; മനുഷ്യാത്മാവ് ഒരിക്കൽ സൃഷ്ടിക്കപ്പെട്ടതിനുശേഷം അത് എന്നേക്കും ജീവിക്കുന്നു എന്നും വേദപുസ്തകം ഓർമ്മിപ്പിക്കുന്നു. അനുസരണക്കേട് നിമിത്തം മനുഷ്യവർഗ്ഗത്തിനു സംഭവിച്ച മരണം എന്ന ദുരവസ്ഥയിൽ നിന്നും അവരെ രക്ഷിക്കുവാൻ ദൈവത്തിന് പ്രസാദമായി (2 തിമോ. 1:10, എബ്രാ. 2:14-15). യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിൽ വിശ്വസിച്ച് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നവർക്ക് മരണത്തിന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് നിത്യജീവൻ ലഭ്യമാക്കുവാൻ ദൈവം അവസരം ഒരുക്കിയിരിക്കുന്നു; അവർ എന്നേക്കും കർത്താവിന്റെ കൂടെ വസിക്കും. യേശുവിനെ തിരസ്കരിക്കുന്നവർക്ക് ദൈവക്രോധത്തിന്റെ ഫലമായി ദൈവത്തിൽ നിന്ന് എന്നേക്കുമായി വേർപെടുന്ന രണ്ടാം മരണമായ തീ പൊയ്ക എന്ന നിത്യശിക്ഷാവിധി ഉണ്ടാകും എന്ന് വചനം പറയുന്നു (യോഹ. 1:12, 3:36, 11:25,26, 20:31, എബ്രാ. 2:14-15, 9:27, വെളി. 20:5, 21:8, 22:10-12). പാപത്തിന് ശിക്ഷ മരണം ആണെങ്കിലും പാപിയുടെ മരണത്തിൽ ദൈവം പ്രസാദിക്കുന്നില്ല. മരണത്തിൽ നിന്ന് മനുഷ്യനെ വീണ്ടെടുക്കുവാൻ അഥവാ നിത്യജീവൻ പ്രദാനം ചെയ്യുവാൻ ലോകസ്ഥാപനത്തിന് മുമ്പ് തന്നെ തന്റെ മുന്നറിവു പ്രകാരം ക്രിസ്തുവിനെ പിതാവാം ദൈവം വേർതിരിച്ചിരിക്കുന്നു (യെഹ. 8:23, 33:11, 1 പത്രോ.

1:19-20, വെളി. 13:8, എഫേ. 1:4, യോഹ. 1:29, 36).

മനുഷ്യൻ മരണത്തിന് അധീനൻ ആകാതെ നിത്യമരണത്തിൽ നിന്ന് വീണ്ടെടുക്കുവാൻ അവൻ പാപത്തിൽ വീണ അന്നുതന്നെ സ്ത്രീയുടെ സന്തതിയായി ക്രിസ്തുവിനെ ദൈവം വാഗ്ദാനം ചെയ്തിരുന്നു (ഉൽപ. 3:15). സ്ത്രീയുടെ സന്തതിയായി ജനിച്ച യേശുവിന്റെ ക്രൂശുമരണം മൂലം മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു മാത്രമല്ല പാപം മൂലം ദ്രവത്വത്തിന്റെ ദാസ്യത്തിന് കീഴ്പ്പെട്ട എല്ലാ സൃഷ്ടികളുടെയും വിടുതൽ അതുമൂലം ഉണ്ടാകും എന്ന് വേദപുസ്തകം നമ്മെ ഓർപ്പിക്കുന്നു (മത്താ. 1:16, 6:21-23; ലൂക്കോ. 1:34, 35; ഗലാ. 4:4-5; റോമ. 8:18-22). ലോകത്തിന് ഈ സദ്വാർത്ത അറിയിച്ചു വെളിച്ചമായി തീരുവാൻ അബ്രാഹാമിന്റെ സന്തതികളെ ദൈവം തിരഞ്ഞെടുത്തു എങ്കിലും അവർ ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ പരാജയപ്പെടുകയായിരുന്നു (ഉൽപ. 22:18, സങ്കി. 22:27, യെശ. 42:1, 49:6, 55:5, 6 3; ദാനി. 7:14-23, മലാ. 1:11, യെശ. 53:3).

പഴയനിമയത്തിൽ പ്രവാചകന്മാരിൽ കൂടി മരണാനന്തര ജീവിതം പ്രസ്താവിച്ചിരുന്നു എങ്കിലും എല്ലാ ജനങ്ങൾക്കും ഇന്ന് പുതിയ നിയമ വിശ്വാസികൾക്ക് ഉള്ളതുപോലെ അതേകുറിച്ച് നല്ല അറിവ് ഉണ്ടായിരുന്നോ എന്ന് വ്യക്തമല്ല. അവർ ദീർഘായുസ്സോടെ ഇരുന്ന് നല്ല വാർധക്യത്തിൽ മരിച്ചു നല്ല അടക്കം പ്രാപിക്കുന്നത് ഒക്കെ അനുഗ്രഹമായി കണ്ടിരുന്നു എന്നു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. (പുറ. 20:12, ഉൽപ. 25:8, 37:28-29, 49:33, ആവ. 5:33, 34:7, സങ്കി. 91:16, സദൃ. 3:16, 9:11, 10:27, സഭാ. 6:1-3).

എന്നിരുന്നാലും പഴയനിയമ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പല ഭക്തന്മാരും മരണാനന്തര ജീവിതവും ദൈവത്തോടുകൂടെയുള്ള വാസവും ധൈര്യമായി പ്രഖ്യാപനം ചെയ്തവരായിരുന്നു. മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിയുന്ന ദൈവത്തിൽ വിശ്വസിച്ചാണ് അബ്രഹാം യിസഹാക്കിനെ യാഗം കഴിക്കുവാൻ തുനിഞ്ഞത് എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു (റോമർ 4:17). ദൈവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തുകൊണ്ട് അബ്രഹാം കൂടാരങ്ങളിൽ പാർത്തു എന്ന് എബ്രായ ലേഖനം പ്രസ്താവിച്ചിരിക്കുന്നു (എബ്രാ. 11:10). പഴയനിയമത്തിൽ ഇത് എടുത്തുപറഞ്ഞിട്ടില്ലെങ്കിലും മരണാനന്തര ജീവിതം കണ്ടുകൊണ്ടാണ് ദൈവശബ്ദം അനുസരിച്ച് പിതാക്കന്മാർ ജീവിച്ചിരുന്നത് എന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. അബ്രഹാമിന്റെ സമകാലീനൻ ആയി ബിസി 1800 ന് അടുത്ത് ജീവിച്ചിരുന്ന ഇയ്യോബിന്റെ ജീവിതത്തിൽ മരണത്തെ മുഖാമുഖം കണ്ടപ്പോൾ താൻ ചോദിച്ച പ്രസിദ്ധമായ ചോദ്യം ''മനുഷ്യൻ മരിച്ചാൽ ജീവിക്കുമോ'' എന്നതായിരുന്നു (ഇയ്യോബ് 14:13). താൻ തന്നെ അതിനു മറുപടി പറയുന്നത് ശ്രദ്ധിക്കുക 'എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും; അന്യനല്ല. എന്റെ സ്വന്തം കണ്ണ് അവനെ കാണും'' (ഇയ്യോ. 19:25-26). മരണത്തിനുശേഷം തന്റെ വീണ്ടെപ്പുകാരൻ മുഖാന്തരം ഒരു ജീവിതം ഉണ്ടെന്നു വിശ്വസിച്ചാണ് ഇയ്യോബ് കഷ്ടതയെ അതിജീവിച്ചത്.

ഏകദേശം ബിസി ആയിരത്തിനടുത്ത് ജീവിച്ചിരുന്ന ദാവീദ് മരണത്തിനുശേഷം ഒരു ജീവിതം ഉള്ളതായിട്ടാണ് വിശ്വസിച്ചിരുന്നത്. തനിക്ക് ഉണ്ടായ കുഞ്ഞ് മരിച്ചു പോയപ്പോൾ താനും മരിച്ചു കുഞ്ഞിന്റെ അടുക്കലേക്കാണ് പോകുന്നത് എന്ന് പറഞ്ഞുകൊണ്ട് മരണം കൊണ്ട് ജീവിതം അവസാനിക്കുന്നില്ല എന്ന് ഉറപ്പിച്ചിരുന്നു (2 ശമു. 12:16-23). അതു കൂടാതെ ''നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ സമ്മതിക്കുകയുമില്ല'' എന്ന് പറഞ്ഞിരിക്കുന്നതിനാൽ പുനരുദ്ധാനത്തിലും താൻ വിശ്വസിച്ചിരുന്നു എന്ന് മനസ്സിലാക്കാം (സങ്കി. 16:10). സങ്കീർത്തനക്കാരന്റെ ഈ വാക്കുകൾ കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പിൽ നിവൃത്തി ആയതായി പത്രോസ് പ്രസ്താവിച്ചിരിക്കുന്നു (അ.പ്ര. 2:30). മറ്റ് സങ്കീർത്തനങ്ങളിലും ''താൻ ഉണരുമ്പോൾ ദൈവമുഖം കാണുമെന്നും'' ''എന്നേക്കും ദൈവസന്നിധിയിൽ വസിക്കും'' എന്നുമൊക്കെ പ്രസ്താവിച്ചിരിക്കുന്നു (17:15, 23:6).

ബി.സി. 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദാനിയേൽ എന്ന പ്രവാചകനും തന്റെ ജീവിതം ഇവിടെ കൊണ്ട് തീരുന്നതല്ലെന്നും കാലാവസാനത്തിങ്കൽ തന്റെ പ്രതിഫലം വാങ്ങുവാൻ എഴുന്നേറ്റു വരുമെന്നും വിശ്വസിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (12:12). താൻ മാത്രമല്ല പൊടിയിൽ ഉറങ്ങുന്നവരിൽ ചിലർ തന്നെപ്പോലെ നിത്യജീവനായും മറ്റു ചിലർ ലജ്ജക്കായും എഴുന്നേൽക്കുമെന്നു പറഞ്ഞിരിക്കുന്നതിനാൽ ഭക്തന്മാർക്കും ഭക്തികെട്ടവർക്കും ഒരു ഉയിർപ്പുണ്ടെന്നും ചിലർക്ക് പ്രതിഫലം ലഭിക്കുകയും ചിലർക്ക് ലജ്ജയും നിത്യനിന്ദയും ലഭിക്കുമെന്നും വിശ്വസിച്ചിരുന്നതായി മനസിലാക്കാം.

വ്യത്യസ്ഥ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന പിതാക്കന്മാർക്കുണ്ടായിരുന്ന മരണാനന്തര ജീവിത പ്രതീക്ഷ പുതിയ നിയമകാലത്തും ജീവിച്ചിരുന്ന പരീശന്മാരും വിശ്വസിച്ചിരുന്നതായി ലൂക്കോസ് വിവരിക്കുന്നു (പ്രവൃ. 23:5-8, 26:23-27). സദൂക്യർ ഇത് വിശ്വസിച്ചിരുന്നില്ലെങ്കിലും സാധാരണ ജനങ്ങൾ പരീശ വിശ്വാസപക്ഷത്തായിരുന്നു എന്ന് മാർത്തയുടെ വാക്കുകൾ നമുക്ക് ഉറപ്പ് തരുന്നു. ''നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കുമായിരുന്നു'' യേശു മാർത്തയോട് പറഞ്ഞപ്പോൾ ''അന്ത്യ ദിനത്തിൽ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്നു എനിക്കറിയാം'' എന്ന് മാർത്ത ഉറപ്പിച്ചു പറഞ്ഞു (യോഹ. 11:23-27). കൂടാതെ എബ്രായ ലേഖനക്കാരൻ ആത്മാവിൽ ഹാബേൽ തുടങ്ങിയ വിശുദ്ധന്മാരുടെ ജീവിതത്തിന്റെ പ്രത്യാശയെക്കുറിച്ചു പറയുമ്പോൾ ''അവരെല്ലാവരും ഏറ്റവും നല്ലോരു ഉയിർത്തെഴുന്നേൽപ് ലഭിക്കേണ്ടതിനു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു'' എന്നാണല്ലോ പറഞ്ഞിരിക്കുന്നത് (11:35). മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നതായി എല്ലാ പഴയ നിയമ വിശുദ്ധന്മാരക്കുറിച്ചും എടുത്തു പറഞ്ഞിട്ടില്ലെങ്കിലും എല്ലാവർക്കും അതിൽ വിശ്വാസം ഉണ്ടായി

രുന്നു എന്നാണ് ഈ വേദഭാഗങ്ങളിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്.

മരണം കൊണ്ട് ജീവിതം അവസാനിക്കുന്നില്ലെന്നും തങ്ങൾക്കു ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ടെന്നും യേശുകർത്താവും ശിഷ്യന്മാരും വ്യക്തമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരിക്കുന്നതായി പുതിയ നിയമത്തിൽ നിന്നും നമുക്ക് മനസിലാക്കാം. യേശു മരിക്കുന്നതിനു മുമ്പു തന്നെ ശിഷ്യന്മാരോടും തന്റെ കേൾവിക്കാരോടും താൻ മരിക്കുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് പല തവണ പറഞ്ഞിട്ടുണ്ടായിരുന്നു (മത്താ. 12:39-40, 16:21, 27:62-64, 20:17-19, ലൂക്കോ. 9:22. 17:22-23, യോഹ. 2:1822).

യേശു ഉയിർത്തതുപോലെ തന്നിൽ വിശ്വസിക്കുന്നവരും ഉയിർക്കും. അവർക്ക് നിത്യജീവനും ലഭിക്കും (യോഹ. 11:2526, 3:36). യേശുക്രിസ്തുവിന്റെ ശബ്ദം കേട്ട്, തന്നിൽ വിശ്വസിച്ചവർ ജീവനായും അല്ലാത്തവർ ന്യായവിധിക്കായിട്ടും ഉയിർത്തെഴുന്നേൽക്കും (യോഹ. 5:21-29). തന്റെ ശിഷ്യന്മാർക്ക് സ്ഥലം ഒരുക്കിയശേഷം മടങ്ങിവന്ന് അവരെ തന്നോടൊപ്പം ചേർത്ത് എന്നേക്കും അവരുമായി വാഴും എന്നും യേശു ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു (യോഹ. 14: 1-3; മത്താ. 24:3031, 25:14-46).

വിശുദ്ധരായി ജീവിച്ചവർക്കും മാനസാന്തരപ്പെടാതെ ജീവിച്ചവർക്കും മരണാനന്തരം ഒരു ജീവിതമുണ്ടെന്ന് യേശു പറഞ്ഞ ധനവാന്റെയും ലാസറിന്റെയും കഥയിൽ നിന്നും മനസ്സിലാക്കാം. ഐഹിക ജീവിത കാലത്ത് മാനസാന്തര ജീവിതം നയിച്ചവർ മരണശേഷം അബ്രഹാമിന്റെ മടി എന്നറിയപ്പെടുന്ന പറുദീസയിലേക്കും മാനസാന്തരപ്പെടാത്തവർ യാതനാസ്ഥലത്തേക്കും പോകുന്നു എന്നാണ് നമുക്ക് കാണുവാൻ കഴിയുന്നത്. അവിടെ അവർ കണ്ടാൽ തിരിച്ചറിയാവുന്ന അവസ്ഥയിൽ വികാര, വിചാരങ്ങളും വിവേകവും ഉള്ള വ്യക്തിത്വങ്ങൾ ആയിരിക്കുമെന്നും വ്യക്തമായിരിക്കുന്നു. ആയതിനാൽ ശരീരത്തിൽ നിന്ന് വിട്ടുപോയ വ്യക്തിയുടെ ആത്മാവ് അഥവാ ദേഹി രൂപമോ ആകൃതിയോ ഇല്ലാതെ തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥയിൽ അല്ല പിന്നെയോ ശരീരത്തിൽ മനുഷ്യനായി ജീവിച്ചപ്പോഴുള്ള ബന്ധങ്ങളെപ്പറ്റി ബോധ്യവും അവരെപ്പറ്റി ആകാംക്ഷയും സ്നേഹവും പ്രകടിപ്പിക്കുവാൻ കഴിയുംവിധം ആയിരിക്കുമെന്ന് ധനവാന്റെ വാക്കുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും (ലൂക്കോസ് 16:19-31). യേശുവിന്റെ കൂടെ കുരിശിൽ കിടന്ന കള്ളന്മാരിൽ ഒരുവൻ യേശുവിനോട് യേശു രാജത്വം പ്രാപിച്ചു വരുമ്പോൾ തന്നെയും ഓർക്കണം എന്ന് പറഞ്ഞപ്പോൾ ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നുള്ള ഉറപ്പു കൊടുത്തതിനാൽ മരണം ഒരു മനുഷ്യന്റെ അവസാനമല്ല എന്ന് വീണ്ടും ഉറപ്പിക്കുകയായിരുന്നു (ലൂക്കോസ് 23:42, 43).

യേശുവിന്റെ ശുശ്രൂഷാകാലയളവിൽ ഒരു ശതാധിപന്റെ വിശ്വാസത്തിന്റെ വാക്കുകൾ കേട്ടപ്പോൾ ''കിഴക്കുനിന്നും പടിഞ്ഞാറ് നിന്നും നിരവധി ആളുകൾ വന്നു അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ വിരുന്നിന് ഇരിക്കും എന്ന് പറഞ്ഞതിനാൽ മരിച്ചിട്ട് ഉയിർക്കുന്നവർ ഭക്ഷണ പാനീയങ്ങൾ ആസ്വദിക്കുവാൻ പറ്റുന്ന രീതിയിലുള്ള ശരീരത്തോട് കൂടി ആയിരിക്കും എന്ന് ചിന്തിക്കാം (മത്താ. 8:10-12). മാത്രമല്ല, യേശു തിരുവത്താഴം നടത്തിയപ്പോൾ ''ഞാൻ നിങ്ങളോട് പറയുന്നു. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്ത് പുതുതായി ഇത് പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിവള്ളിയുടെ ഫലത്തിൽ നിന്ന് ഞാൻ കുടിക്കയില്ല'' എന്ന് പറഞ്ഞിരിക്കുകയാൽ ഉയിർക്കുന്ന വ്യക്തികൾക്ക് പാനീയം കുടിക്കാൻ കഴിയും വിധമുള്ള ശരീരമായിരിക്കും എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത് (മത്താ. 26:29). ഉയിർത്തെഴുന്നേറ്റ യേശു ഭക്ഷിച്ചതായി ലൂക്കോസും, യോഹന്നാനും രേഖപ്പെടുത്തിയുമിരിക്കുന്നു (ലൂക്കോ. 24:41-43, യോഹ. 21:11-14).

യേശുക്രിസ്തു മാത്രമല്ല, പുതിയ നിയമ എഴുത്തുകാരും ജീവിതം മരണം കൊണ്ട് അവസാനിക്കുന്നില്ല എന്നുതന്നെയാണ് വിശ്വസിച്ചിരുന്നത് എന്ന് നമുക്ക് നിശ്ചയമായും ഉറപ്പിക്കാം. അതിൽ പ്രഥമനായിരിക്കുന്നത് അപ്പോസ്തലനായ പൗലോസ് തന്നെയാണ്. താൻ ഈ ലോകത്തിൽ നിന്നും വിട്ടുപിരിഞ്ഞാൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുമെന്നും (ഫിലി. 1:23, 2 കൊരി. 5:1-3) അവിടെ എത്തുമ്പോൾ തന്റെ പ്രവൃത്തി തികച്ചതിനുള്ള പ്രതിഫലമായി നീതിയുടെ കിരീടം ക്രിസ്തുവിന്റെ വരവിൽ തനിക്കും; മാത്രമല്ല യേശുക്രിസ്തുവിന്റെ ആഗമനത്തെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും ലഭിക്കുമെന്നും താൻ വ്യക്തമാക്കുന്നു (2 തിമോ. 4:6-8). ഈ മർത്യമുള്ള ശരീരത്തിനും പകരം മരണമില്ലാത്ത തേജസ്സോടു കൂടിയതും അനശ്വരമായതുമായ ശരീരം കർത്താവിന്റെ വരവിൽ ലഭിക്കുമെന്നും പൗലോസ് ഓർമ്മിപ്പിക്കുന്നു (1 കൊരി. 15:20-23; 42-57). അത് മാത്രമല്ല ക്രിസ്തുവിന്റെ വരവിൽ ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിക്കുന്നതിനു മുമ്പ് തന്നെ നിദ്ര പ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗീയ ശരീരം പ്രാപിക്കുമെന്നും വചനത്തിൽ പറഞ്ഞിരിക്കുന്നു (1 തെസ്സ. 4:13-18). ഇങ്ങനെ ശ്രേഷ്ഠകരമായ ഭാവി ദൈവജനത്തിന് ഉള്ളതിനാൽ മരണം അവർക്ക് ഒരു നിദ്ര മാത്രം ആയിരിക്കുന്നു. അവർ ക്രിസ്തുവിൽ മരിക്കുന്നതിനാൽ ഭാഗ്യവാന്മാരാണ്; കാരണം മരണത്തിന് അവരുടെ മേൽ അധികാരമില്ലാതെ അവർക്കായുള്ള പ്രതിഫലത്തിനായി ക്രിസ്തുവിനോടുകൂടെ വാഴുവാൻ തന്റെ ആഗമനത്തിൽ അവർ മരണത്തെ തോൽപിച്ച് ഉയിർത്തെഴുന്നേറ്റു വരും (2 കൊരി. 5:1-4; വെളി. 14:13, 20:4-5, 22:12, യാക്കോബ് 5:19, 1 യോഹ. 2:28, 1 പത്രോ. 1:4-9, യൂദ 14-16 വാക്യങ്ങൾ).

●

If you have been blessed by this Magazine please introduce it to others.

To receive this magazine please contact :

**Suvartha Publications**

P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089

Mob.: 9821 33 22 73

# കഷ്ടങ്ങളിലൂടെയുള്ള മോക്ഷയാത്ര



പാസ്റ്റർ ജോൺസൻ സാമുവേൽ, കണ്ണൂർ

***വിശ്വാസത്തിൽ നിലനില്ക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ച് ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു. അ.പ്ര. 14: 22.***

അന്ത്യോക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും വന്ന യെഹൂദന്മാർ അവിടെയുള്ള പുരുഷാരത്തെ വശത്താക്കി പൗലോസിന്റെ നേരെ കല്ലെറിഞ്ഞു. ജീവൻ പോയി എന്ന് കരുതി പട്ടണത്തിന് പുറത്ത് വലിച്ചിഴച്ച് കൊണ്ടിട്ടു. എന്നാൽ അവിടുന്ന് സടകുടഞ്ഞ് എഴുന്നേറ്റ് വന്നിട്ട് പറയുന്ന ഭാഗമാണ് മുകളിൽ ഉദ്ധരിച്ചത്. വിശ്വാസത്തിൽ നിലനില്ക്കുക എന്നത് വില കൊടുക്കേണ്ട കാര്യമാണ്. വിശ്വാസിയുടെ ലേബലിൽ നമുക്ക് വേഷം കെട്ടി ആടുവാൻ എളുപ്പമാണ്. എന്നാൽ പ്രതിസന്ധിയിൽ വിശ്വാസത്തിന് വേണ്ടി പിടിച്ച് നില്ക്കുക എന്നത് നിസ്സാരകാര്യമല്ല. പലതും വെട്ടിപിടിക്കാൻ വിശ്വാസത്തെ കൂട്ടുപിടിക്കുന്ന ആധുനിക അഭിനവ അപ്പോസ്തോലന്മാർക്ക് ഇതൊന്നും ഗ്രഹിക്കാൻ കഴിയില്ല. എല്ലാം നഷ്ടമായാലും വേണ്ടില്ല വിശ്വാസത്തിന് വേണ്ടി നില്ക്കണം എന്നതാണ് ഭക്തന്റെ ആപ്തവാക്യം. കഷ്ടങ്ങളിലൂടെ യാത്ര ചെയ്ത് ദൈവരാജ്യത്തിൽ എത്തുവാൻ ശിഷ്യന്മാരോട് പറയുകയാണ്. സകലതും ഗുരുവിന്റെ മുമ്പിൽ സമർപ്പിച്ചവനാണ് ശിഷ്യൻ. മനസ്സ് പ്രതികൂലങ്ങളാൽ ആടി ഉലയുവാൻ സാധ്യതയുണ്ട്. അതിനാണ് അവരെ ഉറപ്പിച്ചത്. വിശ്വാസികളുടെ എണ്ണം പെരുകിയതും ശിഷ്യന്മാരുടെ എണ്ണം ഗണ്യമായി കുറഞ്ഞതും ഇന്നിന്റെ അപകടമാണ്. ഈ ലോകസുഖങ്ങളുടെ പരകോടിയിൽ ദൈവത്തെ പ്രതിഷ്ഠിക്കുന്നതാണ് ആധുനിക ആത്മീയതയിലെ അബദ്ധം. ആഗ്രഹപൂർത്തീകരണത്തിന്റെ ഏജന്റായി ദൈവത്തെ അവതരിപ്പിക്കുന്നതാണ് ദൈവിക ധ്യാനത്തിലെ അപകടം. എല്ലാം ഉപേക്ഷിച്ച് ദൈവ സന്നിധിയിൽ എത്തുന്ന വരും, എല്ലാം നേടിയെടുക്കാൻ ദൈവത്തെ ആശ്രയിക്കുന്നവരുമുണ്ട്. എല്ലാം ഉപേക്ഷിച്ച് വരുന്നവരുടെ ഉള്ളിൽ ദുരാഗ്രഹങ്ങൾ ഇല്ല, കാര്യം കാണാൻ മാത്രം സ്നേഹം പ്രകടിപ്പിക്കുന്നവരോട് ആർക്കും താല്പര്യമുണ്ടാവില്ല. ദൈവം എന്നത് ഒരു പകരം സംവിധാനമല്ല. നമുക്ക് ഒരു പ്രതിസന്ധി വരുമ്പോൾ മാത്രം അരികിൽ ചെന്ന് ആലിംഗനം ചെയ്യാനുള്ള പ്രതിഭാസമായി ദൈവത്തെ കാണുന്നത് തികച്ചും തെറ്റാണ്. യഥാർത്ഥ ആത്മീയതയുടെ കണിക പോലും അതിലില്ല. കുടിലത നിറഞ്ഞ മാനുഷിക പ്രവർത്തി മാത്രമാണത്. ഭൗതികമായ വ്യവസ്ഥകളിലുടെ ആത്മീയത തേടുന്ന ഒരാളും യഥാർത്ഥ ദൈവിക ദർശനത്തിലേക്ക് എത്തുന്നില്ല. ഇക്കൂട്ടർക്ക് കഷ്ടങ്ങളിലുടെയുള്ള മോക്ഷയാത്ര സാധ്യമല്ല. നാമോ നശിച്ച് പോകുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലാണ്. അപ്പോൾ വിശ്വാസം നിത്യജീവൻ പ്രാപിക്കാനാണ്. നിത്യജീവങ്കലേക്കുള്ള വഴി ഇടുങ്ങിയതാണ്. ഇടുക്കുവാതിലിലൂടെ കടക്കുവാൻ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ക്രിസ്തീയ ജീവിതം പോർക്കളമാണെന്ന് തിരുവെഴുത്ത് നമ്മെ ബോധ്യപ്പെടുത്തുന്നു. പാപത്തോടും പിശാചിനോടും ലോകമോഹങ്ങളോടുമുള്ള നിരന്തര പോരാട്ടത്തിലാണ് നാം. പട്ടു വിരിച്ച പരവതാനിയിലൂടെ മോക്ഷത്തിൽ എത്തുന്ന നവീന ഉപദേശങ്ങൾക്ക് ഇന്ന് വലിയ മാർക്കറ്റാണ്. എന്നാൽ കല്ലും മുള്ളും നിറഞ്ഞ ദുർഘടമേടുകളാണ് നമുക്ക് മുമ്പിൽ ഉള്ളത്. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ താലിപ്പൊലികൊണ്ട് സ്വീകരിക്കുമെന്നല്ല. സകലരും നിങ്ങളെ പകയ്ക്കും എന്നാണ് അവിടുന്ന് അരുളിയത്. ക്രൂശ് സഹനത്തിന്റെ മാർഗ്ഗമാണ്. ഉപദേശം കഠിനമാകുമ്പോൾ ശിഷ്യന്മാരുടെ എണ്ണം പന്ത്രണ്ടിലേക്ക് ചുരുങ്ങും, ജീവിതാനുഭവം കഠിനമാകുമ്പോൾ അത് പൂജ്യത്തിലേക്ക് താഴും. അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മത്താ. 26:5). വിശ്വാസത്തിൽ നിലനില്ക്കേണം എന്ന വചനത്തിന്റെ പ്രസക്തി ഇവിടെയാണ്. ഗത്സമനകളുടെ അനുഭവങ്ങളിൽ നമ്മൾ ഒറ്റപ്പെടും, ഒറ്റപ്പെടുത്തുന്നവരും ഒറ്റിക്കൊടുക്കുന്നവരും തള്ളി കളയുന്നവരും തള്ളി പറയുന്നവരും കൈവിടുന്നവരും കണ്ണുനീർ സമ്മാനിക്കുന്ന വരും കുത്തി നോവിക്കുന്നവരും കയ്പ് തരുന്നവരും കഷ്ടങ്ങളിലൂടെയുള്ള മോക്ഷയാത്രയിൽ നമ്മെ കാത്തിരിപ്പുണ്ട്. അവരെ ഒഴിവാക്കി യാത്ര നമുക്ക് സാധ്യമല്ല. വിശ്വാസത്തിന്റെ പരിശോധനയിൽ നമ്മൾ എപ്രകാരം പ്രതികരിക്കും എന്ന് ദൈവത്തിന് അറിയണം. ഭക്തിയെ ദൈവവുമായുള്ള അഡ്ജസ്റ്റ്മെന്റിൽ കാര്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി ഉപയോഗിക്കാൻ പലരും ശ്രമിക്കുന്നു. തന്റെ പുത്രൻ കാൽവറിയിൽ നിലവിളിക്കുമ്പോൾ പിതാവ് മുഖം മറയ്ക്കുകയാണ്. തലയിൽ വയ്ക്കാൻ മുൾക്കിരീടവും കുടിക്കാൻ കയ്പുനീരും ചുമക്കാൻ തന്നേക്കാൾ മുന്നിരട്ടി ഭാരമുള്ള മരക്കുരിശും സഞ്ചരിക്കാൻ കുന്നിൻ പ്രദേശവുമാണ് ക്രിസ്തുവിന് ലഭിച്ചത്. നമ്മൾ പ്രാർത്ഥിക്കുന്നത് എല്ലാ കഷ്ടങ്ങളും ഒഴുവായിപ്പോകാനാണ്, എന്നാൽ നമ്മുടെ പൂർവ്വികന്മാർ പ്രാർത്ഥിച്ചത് കഷ്ടതയിൽ പിടിച്ച് നില്ക്കാനുള്ള ദൈവ കൃപതരണേ എന്നാണ്. യെശയ്യാ പ്രവാചകൻ പറയുന്നു: 'തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു'. നമുക്കും ഈ യാത്രയിൽ അത് പ്രതീക്ഷിച്ചാൽ മതി. കഷ്ടങ്ങളിലൂടെ മോക്ഷയാത്ര ചെയ്യുന്നവൻ

ക്രൂശ് ചുമന്നവനെ മാതൃകയാക്കണം. നമ്മുടെ ജീവിതത്തിലെ കഷ്ടതകളുടെ പിന്നില് ദൈവത്തിന്റെ അദൃശ്യമായ കരമുണ്ട്. അവ നമ്മെ ഇല്ലായ്മ ചെയ്യാനല്ല മറിച്ച് രൂപപ്പെടുത്തി എടുക്കുവാനാണ്. ദൈവം ആരെയെങ്കിലും എന്തെങ്കിലും ആക്കുന്നതിന് മുമ്പ് ദൈവം അവനെ ഒന്നുമല്ലാതാക്കും. നിങ്ങൾ അഗ്നിശോധനയുടെ മധ്യത്തിലായിരിക്കുമ്പോൾ ദൈവത്തിന്റെ കരുണാദ്രമായ കരം താപനിയന്ത്രണ സ്വിച്ചിന്മേൽ ഉണ്ടെന്ന് ഓർക്കുക. ജീവിതത്തിൽ സംഭവിക്കുന്ന പലതും യാദൃശ്ചികമെന്ന് നമുക്ക് തോന്നുമെങ്കിലും സൂക്ഷിച്ച് നോക്കിയാൽ ആ മൂടൽമഞ്ഞിലൂടെ ദൈവത്തിന്റെ കരങ്ങൾ നമുക്ക് കാണാം. ഏറ്റവും മോശം അവസ്ഥകളിലൂടെ നമ്മൾ കടന്നുപോകുമ്പോഴാണ് നല്ല നിമിഷങ്ങളെ മനസ്സിലാക്കുന്നതും നല്ല മനുഷ്യരെ തിരിച്ചറിയുന്നതും. ഓരോ സങ്കടങ്ങളും നമുക്ക് സമ്മാനിക്കുന്നത് വേദനകൾ മാത്രമല്ല മുന്നോട്ട് ജീവിക്കാനുള്ള തിരിച്ചറിവുകൾ കൂടെയാണ്. ക്രിസ്തുവാണ് നമ്മുടെ മോഡൽ. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു (എബ്രാ. 5:18). ഗത്സമനയും അറസ്റ്റും വിസ്താരവും നിന്ദയും പരിഹാസവും അടിയും മുൾക്കിരീടവും ക്രൂശു മരണവും അടക്കവും ഇല്ലാതെ പുനരുദ്ധാനമില്ല. ജീവിതം ആവോളം ആസ്വദിക്കാൻ എല്ലാ ചുറ്റുപാടുകളും ഉണ്ടായിരുന്ന ശ്ലീഹാ ക്രിസ്തു നിമിത്തം എല്ലാം ചേതമെന്നെണ്ണി സ്വയം പാനീയയാഗമായി ഒഴിക്കപ്പെടുവാൻ സമർപ്പിക്കുന്നു. മിസ്രയീമിന്റെ സകല നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്ന് എണ്ണിയ മോശയെപ്പോലെ ക്രിസ്തു നിമിത്തമുള്ള കഷ്ടങ്ങൾ സന്തോഷത്തോടെ സഹിക്കാൻ നമുക്ക് ഇടയാകട്ടെ. ഇങ്ങനെ അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാക്കുന്നു. ●

കവിത

# കരുതുന്ന ദൈവം

സിസ്റ്റർ ദിവ്യ ജെനിൻ



കരുതുന്ന ദൈവം എന്നെ കാക്കുന്ന ദൈവം
കാവലിൻ വെളിച്ചം നീയേ...
സ്നേഹം തരുന്ന നിൻ കരുതലിൽ
ഞാൻ എന്നെ തന്നെ മറന്നു...

എരിയുന്ന തീയതിൽ എരിതീയിൽ എന്നാലും
നിൻ കരുതലിൻ സ്പർശം മതി എനിക്ക്
പ്രാണപ്രിയൻ നിൻ സ്നേഹം ഒഴുകിടുന്നു
ധാരധാരയായ് നിറഞ്ഞിടുന്നു

ആശ്വാസമേകുന്ന തണുപ്പായ് നിൻ കരം
ചുമലിലേറ്റുന്നെന്നെ ആശ്വാസമായ്
ഭാരം തോന്നും നേരമെനിക്കെന്റെ
യേശുവിൻ മുഖം കാണുമാറായി.

# പാസ്റ്റർ വി.ജെ. തോമസിന്റെ മാതാവ് നിത്യതയിൽ



കിടങ്ങന്നൂർ വിളയശ്ശേരിൽ പരേതനായ വി.റ്റി. ജോണിന്റെ ഭാര്യ റാഹേലമ്മ ജോൺ (97) നിര്യാതയായി. സംസ്കാരം ഫെബ്രുവരി 4 മണിക്ക് നെരൂൾ ക്രിസ്ത്യൻ സെമിത്തേരിയിൽ നടന്നു.

മക്കൾ : സൂസമ്മ (പരേത), പാസ്റ്റർ വി.ജെ. തോമസ്, വി.ജെ. ശാമുവേൽ, മേഴ്സി (ആനി). മരുമക്കൾ : എബ്രഹാം മാത്യു (ജബൽപൂർ), അമ്മിണി തോമസ് (പരേത), ലിസ്സി ശാമുവേൽ (യു.എസ്.എ), രാജൻ തോമസ് (മുംബൈ), കൊച്ചുമക്കൾ : ബ്ലസ്സി (ലക്ചറർ) - റെജി കുരുവിള, Capt. ബെന്നി-ഷീബാ (കാനഡ), ലിറ്റി - പോൾ (യു.എസ്.എ), ഫിബി (CPA) USA, ഡോ. സ്റ്റീഫൻ - നിംഫി (യു.എസ്.എ), സ്റ്റെഫി - ഡെൻസിൽ (ഹൈദരാബാദ്), ചെറുമക്കൾ : ജമയ്മാ (കാരുണ്യ യൂണിവേഴ്സിറ്റി), ജനിസ്, ജോർഡൻ, റയ്ച്ചൽ, ഹന്നാ, ഐഡാ, സാറാ, നെഹമായാ. ●

What more would you like to see on the pages. Share your experience with us we would love to hear from you.

# കള വിളയുന്ന പാടം



**ജാസ്മിൻ ഫിലിപ്പ്**

ഏകദേശം 25 വർഷങ്ങൾക്ക് മുമ്പ് വരെ കേരളം നെൽപാടങ്ങളാൽ സമൃദ്ധം ആയിരുന്നു. ഹരിതാഭമാർന്ന പാടത്തിന്റെ വരമ്പുകളിലൂടെ വെയിൽ മാഞ്ഞു തുടങ്ങുന്ന സമയങ്ങളിൽ നടക്കുന്നത് മനസ്സിന് കുളിർമ്മ ലഭിക്കുന്ന അനുഭൂതിയാണ് സമ്മാനിച്ചിരുന്നത്. ഒരേ പൊക്കത്തിൽ വളരുന്ന ഞാറുകൾ കാറ്റിലാടുമ്പോൾ ഒരു പ്രത്യേക തരം താളം അതിനു ഉണ്ടാകാറുണ്ട്. ഞാറുകൾ വളർന്ന കതിരുകളായി സ്വർണ്ണ നിറമുള്ള അരിമണികൾ നിറഞ്ഞു കഴിയുമ്പോൾ പക്ഷികൾ അവിടേക്ക് വിരുന്നു വരും. വെട്ടുകിളികൾ വന്ന് വിളകൾ നശിപ്പിക്കും. കാലാവസ്ഥയിലെ മാറ്റങ്ങൾ വിളകളെ നശിപ്പിക്കും. ഇങ്ങനെയുള്ള നഷ്ടങ്ങൾ കർഷകനെ വല്ലാതെ വേദനിപ്പിക്കുന്നു. ഇവയിൽ നിന്ന് രക്ഷ നേടാൻ കർഷകന് പല മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. കതിർമണികൾ കൊത്തിക്കൊണ്ടുപോകുന്ന കിളികളെ അകറ്റാൻ പാടത്ത് കോലങ്ങൾ ഉണ്ടാക്കി വയ്ക്കുമായിരുന്നു. ഏതുവിധേനയും താൻ വിതച്ച വിത്ത് വിളഞ്ഞു വിളവെടുക്കണം എന്നത് വിതയ്ക്കുന്ന കർഷകന്റെ ആഗ്രഹമാണ്.

വിളവെടുപ്പ് എന്നത് പണ്ടു കാലങ്ങളിൽ ഒരു ഉത്സവം ആയിരുന്നു. കൊയ്ത്തു പാട്ടിന്റെ അകമ്പടിയോടെ താളത്തിൽ ആയിരുന്നു വിളവെടുപ്പ്. സന്ധ്യ മയങ്ങുന്ന നേരം ചാണകം മെഴുകിയ തറയിൽ കൊയ്ത്തുകാർ ഒരുമിച്ച് കൊയ്തെടുത്ത കറ്റകൾ അടിച്ചു നെല്ല് വേർതിരിക്കുന്ന കാഴ്ച ഇന്ന് മലയാളിക്ക് ഗൃഹാതുരത്വമുള്ള ഓർമ്മ മാത്രമാകുന്നു.

ഞാറ് നട്ട് അഥവാ വിത്ത് വിതച്ച് അതിൽ നെല്ല് വിളയുന്നതുവരെ കർഷകൻ തന്നാലാവുംവിധം ആ നിലത്തെ പരിപോഷിപ്പിക്കുന്നു. നല്ല വളവും വെള്ളവും നല്കിയാലും ചില വിത്തുകൾ പട്ടു പോകാറുണ്ട്. ചിലത് തഴച്ചു വളരുമെങ്കിലും ഫലം പുറപ്പെടുവിക്കാറില്ല. ഇതിനിടയിൽ ഞാറു എന്ന് കാഴ്ചയിൽ തോന്നിപ്പിക്കും വിധം ചില ചെടികള് വളർന്നു വരാറുണ്ട്. വിത്തു വിതക്കുമ്പോഴും ഞാറു നടുമ്പോഴും നല്ലയിനം നോക്കിയാണ് കർഷകൻ കൃഷി ഇറക്കുന്നത്. എന്നാൽ ഈ കളകൾ അതിനിടയിലൂടെ എങ്ങനെ വളരുന്നു എന്നത് കുഴപ്പിക്കുന്ന പ്രശ്നമാണ്. അതുകൊണ്ടുതന്നെ കള പറിച്ചു കളയുവാൻ ഇടയ്ക്കിടയ്ക്ക് കർഷകൻ ശ്രദ്ധിക്കാറുണ്ട്. പറിച്ചു കളയുന്ന കളകൾ വരമ്പിൽ വെച്ച് ഉണങ്ങിയ ശേഷം ചുട്ടു കളയുകയാണ് സാധാരണയായി നാട്ടിമ്പുറങ്ങളിൽ ചെയ്യാറ് . ഇന്നത്തെ കേരളത്തിന് ഈ കാഴ്ചകളൊക്കെ അന്യം നിന്നിരിക്കുന്നു. കുട്ടനാടിന്റെ പ്രദേശങ്ങളിൽ ഇന്നും നെൽകൃഷി ഉണ്ടെങ്കിലും കൂടുതലും യന്ത്ര ഉപകരണങ്ങളുടെ സഹായത്തോടെയാണ് കൃഷി ചെയ്യുന്നത്.

വിശുദ്ധ വേദപുസ്തകത്തിൽ ഒരു നല്ല നിലത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കർത്താവായ യേശുക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് ശിഷ്യന്മാരോട് സംസാരിക്കുമ്പോൾ ഉപമകളായി ധാരാളം കാര്യങ്ങൾ പ്രസ്താവിക്കുമായിരുന്നു. മത്തായി 13:24 മുതൽ അപ്രകാരം പ്രസ്താവിച്ച ഒരു ഉപമ വായിക്കുവാൻ കഴിയും. സ്വർഗ്ഗരാജ്യത്തെ ഒരു മനുഷ്യന് തന്റെ നിലത്തു നല്ല വിത്ത് വിതക്കുന്നതിനോട് ഉപമിച്ചിരിക്കുന്ന ഉപമയാണ് ഇവിടെ പ്രസ്താവിക്കുന്നത്. വിത്തു വിതച്ചയാൾ നല്ല വിത്ത് വിതച്ചു എന്ന് അവിടെ പറയുന്നു. നന്നായി ഒരുക്കപ്പെട്ട നിലത്താണ് വിത്ത് വിതയ്ക്കപ്പെട്ടത്. വിതച്ച വിത്തുകൾ എല്ലാം തന്നെ കിളിർത്തു എന്ന് അനുമാനിക്കാം. എന്നാൽ വിത്തു വിതച്ച മനുഷ്യന്റെ ശത്രു വന്ന് ഈ നല്ല നിലത്ത് കള വിതച്ചു. നല്ല വിത്തും കളയും ഒരേ നിലത്ത് തന്നെ വളർന്നു. ആ നിലത്തിലെ വളവും വെള്ളവും മാത്രമല്ല അവിടെ ലഭിക്കുന്ന മഴയും വെയിലും എല്ലാം കളയും വലിച്ചെടുത്തു. കളയെ വിതച്ചവന്റെ ഉദ്ദേശ്യം നല്ല വിളയെ ഇല്ലായ്മ ചെയ്യുക എന്നത് തന്നെ ആകണം. രണ്ടും ഒരുപോലെ വളർന്നു. നല്ല വിത്തിന് ലഭിക്കുന്ന എല്ലാ അനുകൂല സാഹചര്യങ്ങളും ശത്രു വിതച്ച കളയ്ക്കും ലഭിക്കുന്നു. ഞാറുകൾ വളർന്നു കതിരായ സമയം വരെ കളയും വിളയും ഏതെന്ന് തിരിച്ചറിയാൻ കഴിയാതെ വളരുന്നു. ഫലം പുറപ്പെടുവിക്കുന്ന സമയം വരെ നല്ലതിനെയും തീയതിനെയും തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ഫലം കൊണ്ട് തിരിച്ചറിയുവാൻ കഴിഞ്ഞ നിമിഷം വീട്ടുടയവന്റെ ദാസന്മാർ കളയെ പറിച്ചു കളയുവാൻ യജമാനനോട് അനുവാദം ചോദിച്ചെങ്കിലും യജമാനൻ അതിനു അനുവദിച്ചില്ല. കള പറിച്ചു കളയുവാൻ ശ്രമിക്കുമ്പോൾ കൂട്ടത്തിൽ ചില നല്ല ചെടികൾ കൂടെ പിഴുത് പോരും. അതോടുകൂടി ശത്രുവിന്റെ പദ്ധതി വിജയിക്കപ്പെടുമെന്ന് യജമാനന് അറിയാമായിരുന്നു. നല്ല വിള ഒന്നു പോലും നഷ്ടപ്പെടരുത് എന്ന് യജമാനന് നിർബന്ധമുണ്ട്. അതിനാൽ ഇടയ്ക്ക് വെച്ച് കളയെ നശിപ്പിക്കുവാൻ യജമാനൻ ആഗ്രഹിക്കുന്നില്ല. വിളയും കളയും കാഴ്ചയിൽ ഒരുപോലെ തോന്നാം. ചിലപ്പോൾ വിളയേക്കാൾ പുഷ്ടി ഉള്ളതും മനോഹരവുമായി കള വളരാം. പക്ഷെ കളയെ വിളയുടെ കൂട്ടത്തിൽ എണ്ണുവാൻ സാധ്യമല്ല. എന്നാൽ ഫലം പുറപ്പെടുവിക്കുന്ന സമയം വരുമ്പോഴാണ് കളയെ തിരിച്ചറിയുവാൻ കഴിയുന്നത്. ഫലം കൊണ്ട് തിരിച്ചറിയപ്പെടുമ്പോഴും കളയെ പിഴുതു കളയുവാൻ യജമാനൻ ആഗ്രഹിക്കുന്നില്ല. കൊയ്ത്തോളം വളർന്ന് വിളയും കളയും ഒരുമിച്ചു കൊയ്ത് മുമ്പേ കളയെ കൂട്ടി ചുട്ടു കളയുവാനും ശേഷം നല്ല കതിരുകളിൽ നിന്ന് ഫലം ശേഖരിക്കുവാനും

ആണ് യജമാനൻ കൽപിക്കുന്നത്.

ഇന്നത്തെ ആത്മീയ ലോകത്തിലേക്ക് കണ്ണോടിച്ചാൽ അവിടെയും നല്ല വിളയും കളയും ഒരുമിച്ചു വളരുന്നത് കാണുവാന് കഴിയും. വിളയേക്കാൾ മേൽത്തരം കളയെന്നു തോന്നുമാറ് പുഷ്ടിയോടെയാണ് ആത്മീയ ഗോളത്തിൽ കളയുടെ വളർച്ച. 'അത് താൻ അല്ലയോ ഇതെന്ന് തോന്നുമാറു വിശ്വാസഗോളം കളകളാൽ സമ്പന്നമായി കൊണ്ടിരിക്കുന്നു. വളരുന്ന കളയെ പറിച്ചു കളയണമെന്ന് ആവശ്യപ്പെടുന്ന യജമാനനോട് കൂറുള്ള ദാസന്മാരെയും വിശ്വാസ സമൂഹത്തിൽ ദർശിക്കുവാൻ കഴിയും. പക്ഷേ ഈ നിലത്തിന്റെ ഉടയവൻ രണ്ട് കൂട്ടരേയും ഒരുപോലെ വളരുവാൻ അനുവദിച്ചിരിക്കുന്നു. കളയേത് വിളയേത് എന്ന് തിരിച്ചറിയുവാൻ കഴിയാതെ വണ്ണം രണ്ടും ഒരുപോലെയാണ് വളരുന്നത്. ഏത് ശരി എന്ന വേർതിരിക്കുക പ്രയാസം. നല്ല വിളയേക്കാളും മുന്തിയ ഇനം വിത്തുകൾ ആണ് ആത്മീയ വയലിൽ ശത്രു വിതച്ച കളയുടെ വിത്തുകൾ എന്ന് സംശയി ക്കേണ്ട രീതിയിൽ ആരോഗ്യത്തോടെയും ആകർഷണീയത യോടെയും ആണ് കളകൾ വളർന്നു പടരുന്നത്. എന്നാൽ കളയേത് എന്ന് തിരിച്ചറിയുന്ന നമ്മുടെ ഉടയവനായ കർത്താവ് ഒരു വിള പോലും നഷ്ടപ്പെടാൻ ആഗ്ര ഹിക്കാത്ത ഇടയൻ ആയതുകൊണ്ട് കളയും വളരാൻ അനുവദിച്ചിരിക്കുന്നു.

മത്തായി 13:27 വാക്യം വായിക്കുമ്പോൾ വീട്ടുടയവന്റെ ദാസന്മാർക്കും കളയെ തിരിച്ചറിയുവാൻ കഴിഞ്ഞു എന്ന് മനസ്സിലാക്കാം. കളയെയും വിളയെയും തിരിച്ചറിയുക എന്നത് ദൈവമക്കൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വമാണ്. എങ്ങനെയാണ് നല്ല വിളയെയും കളയേയും തിരിച്ചറിയുക. മുമ്പ് പ്രസ്താവിച്ചത് പോലെ ഇവ രണ്ടും പുറപ്പെടുവിക്കുന്ന ഫലം കൊണ്ട് തിരിച്ചറിയാൻ കഴിയും. ഗലാത്യർ 5:22 പറയുന്ന ആത്മാവിന്റെ ഫലം പുറ പ്പെടുവിക്കുന്നവയാണ് നല്ല വിളകൾ. അതായത് വീട്ടുടയവൻ വിതച്ച നല്ല വിത്തിൽ നിന്ന് വളർന്നുവരുന്ന ചെടി ആത്മാവിന്റെ ഫലമായ ഒമ്പത് വിധ വൈറ്റമിനുകൾ (ഗുണങ്ങൾ) അടങ്ങിയ ഫലം വിളയുന്ന കതിരുകളാണ്. എന്നാൽ ഗലാത്യർ 5 :19, 20, 21 പറയുന്ന 15 പ്രവർത്തികളിൽ ഏതെങ്കിലും ഒരെണ്ണം പുറപ്പെടുവിക്കുന്ന കതിരുകൾ കളയാണെന്ന് നിസംശയം പറയുവാൻ കഴിയും. ദുർന്നടപ്പ്, അശുദ്ധി തുടങ്ങി വെറിക്കൂത്ത് വരെ ഉള്ളതിൽ ഏത് പ്രവർത്തിയായയാലും അത് ശത്രു വിതച്ച വിത്ത് കിളിർത്ത് പുറപ്പെടുവിക്കുന്ന വിവിധതരം ഫലങ്ങളാണ്. ഫലം കൊയ്യുന്ന നാളിൽ ഇങ്ങനെയുള്ള ഫലം പുറപ്പെടുവിക്കുന്നവരെ കൂട്ടിയിട്ട് തീയിലിട്ട് ചുട്ട് കളയും.

എന്നാൽ നാം ഓരോരുത്തരിലും നല്ല പ്രവർത്തിയെ ആരംഭിച്ചവന്റെ വേലയെ തികയ്ക്കുക എന്നത് ഉടയവനായ ക്രിസ്തുവിന്റെ ദാസർ എന്ന നിലയിൽ ദൈവമക്കളുടെ കർത്തവ്യമാണ്. കളകൾ കൊയ്ത്തോളം വളരട്ടെ. കളയെ നോക്കി വേവലാതിപ്പെടാതെ നല്ല വിളകളായി യജമാനന്റെ ആഗ്രഹത്തിന് ഒത്തവണ്ണം ഫലം കായ്ക്കുവാൻ ഓരോ ദൈവമക്കൾക്കും ഇടയാകണം. നിലത്തിന്റെ ഉടയവൻ നല്കുന്ന സാഹചര്യങ്ങളെ തക്കത്തിൽ ഉപയോഗിച്ച് നല്ല വിളകളായി യജമാനനു പ്രയോജനപ്പെടാൻ നമുക്കേവർക്കും ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ. ●


HEBRON BIBLE COLLEGE

ESTABLISHED IN 1992



Fully owned and managed by IPC Maharashtra State

30 Years of God's Faithfulness

Vision : Light up the villages of Maharashtra through living word.

For more details contact

Pr. P. Joy (Principal) 9757088499

Bro. Varghese Kollakompil (Administrator) 9821332273

P.O. Box No. 17082, Tilaknagar P.O., Chembur, Mumbai - 400 089.




# PRAY FOR
# IPC MAHARASHTRA STATE

**Pray** FOR

- 383 Churches
- 383 Pastors
- 370 Outstations
- 152 Prayer Cells
- 42 House churches
- Upcoming Church buildings and parsonages
- Hebron Bible College
- Suvartha Publications
- Tracts & Literature Ministry
- 28 Primary Schools and Balwadies in the Villages




# Suvartha

*Fully Owned & Managed by IPC Maharashtra State*

32 വർഷങ്ങൾ തുടർച്ചയായി, പ്രസിദ്ധീകരിക്കുകയും ആറു ദേശീയ പുരസ്കാരങ്ങളും നാലു അന്തർദേശീയ പുരസ്കാരങ്ങളും നേടിയ സുവാർത്ത ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റിന്റെ മുഖപത്രമാണ്.

**ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ മൂന്ന് ഭാഷകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. ലോകത്താകമാനമുള്ള ഐ.പി.സി. വിശ്വാസികളുടെയും പ്രവർത്തകരുടെയും അഭിമാന പാത്രമായ മാസികയാണ് സുവാർത്ത.**

**സുവാർത്തയ്ക്കു പകരം സുവാർത്ത മാത്രം**




ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ
കുമ്പനാട് പ്രസിദ്ധീകരിച്ച
ഹിന്ദി / ഇംഗ്ലീഷ് (ദ്വിഭാഷ) സണ്ടേസ്കൂൾ
പുസ്തകങ്ങൾ (നഴ്സറി 1 ₹ 80,
നഴ്സറി 2 ₹ 80, ക്ലാസ് 1 ₹ 100)
ലഭ്യമാണ്.
ആവശ്യക്കാർ ബന്ധപ്പെടുക

**കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് പോസ്റ്റേജ് സൗജന്യം.**

**Saji Mathew - 98205 60569**
**Moncy P. George - 97027 15909**
**Email : ipcms.sundayschool@gmail.com**

# ജൈത്രയാത്ര തുടരുന്ന സ്നേഹസാമ്രാജ്യം



**Pr. Biju P. Samuel, West Bengal**

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാ കാലയളവ്. സമൂഹത്തിലെ എല്ലാ തുറകളിലുമുള്ളവർ അവിടുത്തെ സന്ദേശം കേൾക്കാൻ അരികിലെത്തി. ജാതി മത വർണ്ണ വർഗ്ഗ വിഭാഗ വ്യത്യാസമെന്യേ എല്ലാവരെയും അവിടുന്ന് സ്നേഹിച്ചു. സമൂഹം അകറ്റി നിർത്തിയിരുന്ന ചുങ്കക്കാരെയും പാപികളെയുമൊക്കെ യേശു ചേർത്തു നിർത്തി. സമൂഹം വെറുപ്പോടെ ഭ്രഷ്ട് കല്പിച്ച് അകറ്റി നിർത്തിയിരുന്ന കുഷ്ഠരോഗികളെപോലും അവിടുന്ന് തൊട്ടു സുഖപ്പെടുത്തി. അവിടുത്തെ കരസ്പർശനത്തിലൂടെ സാന്ത്വനം അവർ മനസ്സിലാക്കി.

നീചജീവിതം തുടർന്നതിനാൽ കല്ലേറ് ഏറ്റ് കൊല്ലപ്പെടേണ്ടിയിരുന്ന വ്യഭിചാരിണിയെ ജീവിതത്തിലേക്കും മാന്യതയിലേക്കും അവിടുന്ന് നയിച്ചു. അവിഹിത ബന്ധങ്ങളിലൂടെ തുടർമാന യാത്ര ചെയ്ത് ശാരീരിക അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ ശ്രമിച്ച ശമര്യക്കാരി സ്ത്രീയെ അവിടുന്ന് രൂപാന്തരപ്പെടുത്തി. ജനങ്ങളെ കവർന്ന് ധനികനായ സക്കായി എന്ന ചൂഷകൻ അവിടുത്തെ സ്നേഹത്തിന്റെ മുമ്പിൽ വഞ്ചിച്ചെടുത്തതും അതിന്റെ പതി ന്മടങ്ങും മടക്കി നല്കി. ഒരു മുദ്രാവാക്യവും അതിനായി ആർക്കും ഉയർത്തേണ്ടി വന്നില്ല.

നായ്ക്കളുടെ സൗഹൃദം മാത്രമുണ്ടായിരുന്ന ദരിദ്രനും വ്രണബാധിതനുമായ ലാസർ യേശുവിന്റെ സംഭാഷണത്തിൽ നായകനായി മാറി. വസ്ത്രം ധരിക്കാതെയും ശവക്കല്ലറകളിൽ പാർത്തും സമൂഹത്തിന് തലവേദന സൃഷ്ടിച്ചവനെ അവിടുന്ന് സൗഖ്യമാക്കി തന്റെ അടുത്തിരുത്തി. കുഷ്ഠരോഗികളും രക്തസ്രവക്കാരികളും ഉൾപ്പെടെ എല്ലാവിധ ദീനക്കാരും അവിടുത്തെ സ്പർശനത്തിൽ സൗഖ്യമായി.

സ്ത്രീകളെ ദുഷ്ടലാക്കോടെ ദർശിക്കുന്നതുപോലും തെറ്റാണെന്ന് പ്രഖ്യാപിച്ച് സ്ത്രീ സുരക്ഷയുടെ അടിസ്ഥാന പാഠങ്ങൾ അവിടുന്ന് പകർന്നു നല്കി.

ശത്രുസംഹാര മന്ത്രമല്ല അദ്ദേഹം ഉരുവിട്ടത് മറിച്ച്, ശത്രുക്കളെ സ്നേഹിക്കുക എന്ന വിപ്ലവ ദർശനമാണ്, അവിടുന്ന് ആരെയും അവഗണിച്ചില്ല.

ആളുകളുടെ വേദന അവിടുന്ന് ഏറ്റെടുത്തു, അവരുടെ സങ്കടങ്ങൾ കേട്ടു, അവരുടെ കണ്ണീരൊപ്പി, അവരുടെ വിശപ്പ് മാറ്റി, നിത്യജീവന്റെ മൊഴികളാൽ അവരെ സമ്പുഷ്ടരാക്കി. സാധാരണക്കാരായിരുന്നവർ അവിടുത്തെ ശിഷ്യഗണത്തിൽ ഉൾപ്പെട്ടു. സമ്പാദ്യം കൂട്ടി വയ്ക്കുമ്പോഴല്ല അത് ദരിദ്രർക്ക് വിതരണം ചെയ്യുമ്പോഴാണ് നിക്ഷേപം വർദ്ധിക്കുന്നതെന്ന് ഒട്ടും സന്ദേഹമില്ലാതെ അവിടുന്ന് തുറന്നു പറഞ്ഞു. അതുകൊണ്ട് മഹാധനവാനും ക്രിസ്തുവിരോധിയും ആയിരുന്ന പൗലോസ് അവിടുത്തെ ദർശനത്താൽ എല്ലാം ഉപേക്ഷിച്ച് അവിടുത്തെ പിന്തുടർന്നു.

ഉന്നത സ്ഥാനീയർ ആയിരുന്ന അരിമത്ഥ്യയിലെ യോസേഫും നിക്കോദിമോസുമൊക്കെ അവിടുത്തെ ശിഷ്യരായി മാറി. നിലവിലുണ്ടായിരുന്ന ഭരണത്തിൽ അസംതൃപ്തരായ ജനക്കൂട്ടം യേശുവിനെ രാജാവാക്കാൻ ശ്രമിച്ചിട്ടും ഒരു അട്ടിമറിക്ക് മുതിരാതെ അവിടുന്ന് നിയമ വ്യവസ്ഥയെ മാനിച്ചു. നിയമത്തിന് വിധേയമായി അവിടുന്ന് കരവും കൊടുത്തു. ഇഹലോക സംബന്ധിയായ ഒരു രാജ്യസ്ഥാപനമല്ല തന്റെ ലക്ഷ്യമെന്ന് അവിടുന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു.

എന്നിട്ടും എന്നിട്ടും... അവിടുത്തേക്ക് ലഭിച്ചത് ഏറ്റവും നിന്ദ്യവും ക്രൂരവുമായ ക്രൂശു മരണം... കുരിശിൽ കിടക്കുമ്പോഴും, കുറ്റവാളി ആയതിനാൽ മരണ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു കള്ളനെ അനന്തമരണത്തിന് വിട്ടുകൊടുക്കാതെ നിത്യജീവന്റെ വാതിൽ അവിടുന്ന് തുറന്നു കൊടുത്തു.

ഒരു ഭരണാധികാരിയുടെ ശിങ്കിടിയായി നിന്ന് (തനിക്ക് ദോഷം വരുത്തുന്ന ഒരു തീരുമാനവും എടുക്കാൻ അനുവദിക്കാതെ) നീതിന്യായ വ്യവസ്ഥയെ തകിടം മറിച്ചു കൊണ്ടിരുന്ന ഒരുവന്റെ തനിനിറം പുറത്ത് കൊണ്ട് വന്നത് ഈ യേശുവിന്റെ സുവിശേഷമാണ്. യേശുവും അവിടുത്തെ സുവിശേഷവും ഒരിക്കലും ഒരു രാജ്യത്തിനും എതിരല്ല. സുവിശേഷം ജനത്തെ നല്ല പൗരന്മാരായി വാർത്തെടുക്കുന്നു. എങ്കിലും അസൂയ പൂണ്ട രാജാക്കന്മാർ അണി നിരന്നു... അധികാരവും വാളും തടവറയും ചങ്ങലയും ഉയർത്തിയ വെറുപ്പിന്റെ ആധിപത്യങ്ങളെ ക്രിസ്തുവിന്റെ മാർഗ്ഗം പുഞ്ചിരിയോടെ നേരിട്ടു. ചിതറിത്തെറിച്ച രക്തം പോലും പടർത്തിയത് സ്നേഹമാണ്.

അവിടുത്തെ പിൻഗാമികൾ ഇന്നും നിരായുധർ ആണ്.. പക്ഷേ നിരാലംബർ അല്ല. അവിടുന്നാണ് അവരുടെ ആശ്രയം... ഭരണാധികാരികൾ മാറിവന്നു. അടിച്ചമർത്താനുള്ള ശ്രമങ്ങൾക്കും മാറ്റമില്ല... ക്രിസ്തുവിനെ പിന്തുടരുന്നതിനാൽ നേരിടേണ്ടി വരുന്ന ശാരീരിക പീഡനങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, ബലാത്സംഗങ്ങൾ, രക്തസാക്ഷി മരണം, വസ്തുവകകളുടെ അപഹരണവും നശിപ്പിക്കലും... അങ്ങനെ അങ്ങനെ... പക്ഷേ യേശുവിന്റെ സ്നേഹസാമ്രാജ്യം അതിന്റെ ജൈത്രയാത്ര തുടരുന്നു... തുടരുകയും ചെയ്യും...

# Scenes from IPC Latur District Pastors Family Conference























IPC Latur District Pastors and their Families with caretakers

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93



IPC Maharashtra Sunday Schools Association Executives & Committee Members

## IPC Maharashtra State PYPA Executives



Pr. Jenin David
President



Pr. Robin Mammen
Vice President



Br. Roshin Varghese
Secretary



Br. Anu Cherian
Jt. Secretary



Br. Joel John
Treasurer



Some of our Pastors from IPC Solapur District with caretakers



Excel Ministries Team with IPC Amaravati Youth leaders